**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6002** — **17-03-2023 - ൽ മറുപടിയ്ക്ക്**

**മണലൂർ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന് പുതിയ കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മണലൂർ നിയോജക മണ്ഡലത്തിലെ മണലൂർ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന് പുതിയ കെട്ടിട നിർമ്മാണത്തിന് കിഫ്ബിയിൽ നിന്നും ഫണ്ട് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | മണലൂർ നിയോജകമണ്ഡലത്തിലെ മണലൂർ ഗവ. ഹയർ സെക്കണ്ടറി സ്കൂളിന്റെ പുതിയ കെട്ടിട നിർമ്മാണത്തിന് നിലവിൽ ഒരു കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. തുടർന്ന് കിഫ്ബിയുടെ 99,12,817/- രൂപയുടെ ധനാനുമതിയും ടി പ്രവർത്തിയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ 1.30 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി ലഭിക്കുന്നതിനായുള്ള ശിപാർശ നിർദ്ദിഷ്ട പദ്ധതി നിർവ്വഹണ ഏജൻസിയായ കില പൊതുവിദ്യാഭ്യാസ വകുപ്പിന് നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത സ്കൂളിന്റെ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകിയതെന്നാണെന്നും ആർക്കാണ് കരാർ നൽകിയതെന്നും അറിയിക്കാമോ; | (ബി) | പ്രസ്തുത സ്കൂളിന്റെ കെട്ടിടനിർമ്മാണത്തിനു ഭരണാനുമതി നൽകിയത് 18.06.2019 നും കിഫ്ബിയുടെ ധനാനുമതി നൽകിയത് 27.10.2020 നുമാണ്. ടി പ്രവർത്തിയുടെ കരാർ നൽകിയിരുന്നത് ശ്രീ.ശ്രീവത്സൻ. കെ.വി, ജയന്ത മന്ദിരം , ചേറ്റുപുഴ പി.ഓ , തൃശ്ശൂർ എന്ന കരാറുകാരനാണ്. നിർമ്മാണം തുടങ്ങാനിരുന്ന വേളയിൽ മണ്ണിന്റെ ഘടനയിൽ വ്യത്യാസം തോന്നിയതിനാൽ Confirmatory Soil Test ചെയ്യുന്നതിനായി Thrissur Engineering College ൽ നൽകിയിരുന്നുവെങ്കിലും പരിശോധന ഫലം ലഭ്യമാക്കുന്നതിൽ കാലതാമസം വന്നതിനാൽ ടി പ്രവർത്തിയുടെ കരാറുകാരൻ നിലവിലെ നിർമ്മാണ സാമഗ്രികളുടെ വിലവർദ്ധനവ് കാരണം കരാർ നിരക്കിൽ വർദ്ധനവ് ആവശ്യപ്പെടുകയുണ്ടായി. ആയത് അനുവദിക്കാൻ നിലവിലെ നിയമപ്രകാരം നിർവ്വാഹമില്ലാത്തതിനാൽ കരാറുകാരൻ കരാറിൽ നിന്ന് ഒഴിവാകുകയുണ്ടായി. |
| (സി) | പ്രസ്തുത സ്കൂളിന് എത്ര ക്ലാസ് മുറികളാണ് പുതിയതായി നിർമ്മിക്കുന്നത്; | (സി) | പ്രസ്തുത സ്കൂളിന് ഹയർസെക്കണ്ടറിയ്ക്ക് വേണ്ടിയുള്ള നാല് ക്ലാസ്സ് മുറികളാണ് പുതുതായി നിർമ്മിക്കുന്നത്.കൂടാതെ ഓരോ നിലയിലും ടോയ്‌ലെറ്റ് ബ്ലോക്കും ഉൾപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ? | (ഡി) | ഡി.എസ്.ആർ, ജി.എസ്.ടി. നിരക്കുകളുടെ വർദ്ധനവ് കാരണം 1.30 കോടിയുടെ പുതുക്കിയ ഭരണാനുമതിയ്ക്കായി പദ്ധതി നിർവ്വഹണ ഏജൻസിയായ കില പൊതുവിദ്യാഭ്യാസ വകുപ്പിന് ശിപാർശ സമർപ്പിച്ചിരിക്കുകയാണ്. പുതുക്കിയ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് കിഫ്ബിയുടെ അംഗീകാരം നേടി പുതുക്കിയ സാങ്കേതിക അനുമതി ലഭ്യമാക്കി ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് കില അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ